പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6481

21/11/2019-ൽ
മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻെറ ഭാഗമായി ഉൾപ്പെടുത്തിയ പ്രവൃത്തികൾ

ചോദ്യം

**പ്രൊഫ.ആബിദ് ഹുസൈൻതങ്ങൾ**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**ചോദ്യം (എ)** പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയ പേരശ്ശന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ, കുറ്റിപ്പുറം എച്ച്.എസ്.എസ്, ഇരിമ്പിളിയം എച്ച്.എസ്.എസ്, രാജാസ് ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ പ്രവൃത്തി സംബന്ധിച്ച് വ്യക്തമായ വിവരം , ലഭ്യമാക്കുമോ;

**മറുപടി (എ)** പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പേരശ്ശന്നൂർ ഗവ.എച്ച്.എസ്.എസ്, ഭൗതിക സാഹചര്യത്തിന് തെരഞ്ഞെടുത്ത ഗവ.രാജാസ് ഹയർ സെക്കന്ററി സ്കൂൾ കോട്ടയ്ക്കൽ, കുറ്റിപ്പുറം ജി.എച്ച്.എസ്.എസ് , ഇരിമ്പിളിയം ജി.എച്ച്.എസ്.എസ് എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പേരശ്ശന്നൂർ ഹയർ സെക്കന്ററി സ്കൂൾ, രാജാസ് ഹയർ സെക്കന്ററി സ്കൂൾ എന്നിവയുടെ നിർമ്മാണം 60% പൂർത്തിയായി. കുറ്റിപ്പുറം ജി.എച്ച്.എസ്.എസ്, ഇരിമ്പിളിയം ജി.എച്ച്.എസ്.എസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ SPV യായി INKEL -നെ ചുമതലപ്പെടുത്തി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**ചോദ്യം (ബി)** ഇത് സംബന്ധിച്ച് രൂപീകരിച്ച കൺസൾട്ടൻസി ആരെന്ന് വ്യക്തമാക്കുമോ, വിശദമായ വിവരം ലഭ്യമാക്കുമോ;

**മറുപടി (ബി)** പേരശ്ശന്നൂർ സ്കൂളിന്റെയും രാജാസ് ഹയർ സെക്കന്ററി സ്കൂളിന്റെയും എസ്.പി.വി കൈറ്റാണ്. ഡിസൈൻ കൺസൾട്ടൻസി കിറ്റ്കോ ആയിരുന്നു. നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി വാപ്കോസാണ് നിലവിൽ പ്രവർത്തിക്കുന്നത്.

**ചോദ്യം (സി)** പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കും; എത്ര സമയത്തിനകം പൂർത്തിയാക്കും; ഇത് സംബന്ധിച്ച ഷെഡ്യൂൾ ലഭ്യമാക്കുമോ;

**മറുപടി (സി)** പേരശ്ശന്നൂർ ഹയർ സെക്കന്ററി സ്കൂൾ, രാജാസ് ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലെ പ്രവൃത്തികൾ പുരോഗതിയിലാണ്. 2020 ജനുവരിയോടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കുറ്റിപ്പുറം ജി.എച്ച്.എസ്.എസ്, ഇരിമ്പിളിയം ജി.എച്ച്.എസ്.എസ് എന്നിവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ചോദ്യം (ഡി)** പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം നൽകുമോ, വ്യക്തമാക്കുമോ?

**മറുപടി (ഡി)** പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

Namitha (P)

**സെക്ഷൻ ഓഫീസർ**